Mathrubhumi 23-1-19, p-06



കൂടുതൽ കൃഷി വാർത്തകൾക്ക്
www.mathrubhumi.com/agriculture

കാർഷിക രംഗത്തിലേക്കുള്ള കുറിപ്പുകൾ അയക്കേണ്ട വിലാസം: പത്രാധിപർ, കാർഷികരംഗം, മാതൃഭൂമി, കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട്-673001



# കീടനാശിനി: കൈകാര്യം ചെയ്യാം കരുതലോടെ

**ബി. സ്മിത**

കൃഷിയിടം എന്ന ആവാസവ്യവസ്ഥയിൽ വിള, കീടം, കീടത്തിനെതിരേ പ്രവർത്തിക്കുന്ന മിത്രകീടം എന്നിവ തമ്മിലുള്ള ത്രിതല പാരസ്പര്യത്തിൽ താളപ്പിഴകളുണ്ടാകുമ്പോഴാണ് കീടബാധ നിയന്ത്രണവിധേയമല്ലാതാകുന്നത്. കീടത്തിന്റെ സ്വഭാവം, മിത്രകീടങ്ങളുടെ സുരക്ഷ എന്നിവ പരിഗണിച്ചു വേണം കീടനാശിനി തിരഞ്ഞെടുക്കാനും പ്രയോഗിക്കാനും.

കൃഷിയിടം എന്നത് വെറും ഭക്ഷ്യോത്പാദനയിടം എന്നതിലുപരി പരസ്പര ബന്ധിതങ്ങളായ ഒട്ടേറെ ഘടകങ്ങൾ ഇഴചേർന്നു പ്രവർത്തിക്കുന്ന ഒരു ആവാസ വ്യവസ്ഥയാണെന്ന അടിസ്ഥാനവസ്തുത നാം മറന്നുപോകുന്നു. സുസ്ഥിരകൃഷിയുടെ ആണിക്കല്ലായ പ്രകൃതിസൗഹൃദ കീടനിയന്ത്രണ സംവിധാനത്തെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കണം.

കീടനാശിനികൾ കൈകാര്യംചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ട സുരക്ഷാമുൻകരുതലുകൾ

- ശാസ്ത്രീയപരിശീലനം ലഭിച്ചവർ മാത്രമേ കീടനാശിനി പ്രയോഗം നടത്താൻ പാടുള്ളൂ
- കോട്ട്, റബ്ബർകൈയുറകൾ, കാലുറകൾ, ബൂട്ട്, കീടനാശിനിയുടെ സ്വഭാവത്തിനനുസരിച്ചുള്ള മുഖാവരണം എന്നിവ ധരിച്ചു മാത്രമേ തളിക്കാൻ പാടുള്ളൂ
- തളിക്കുന്നതിനിടയിൽ പുകവലിക്കാനോ ആഹാരം കഴിക്കാനോ പാടില്ല. മദ്യപിച്ച ശേഷം കീടനാശിനി തളിക്കാനിറങ്ങരുത്.
- തളിക്കുന്ന സ്പ്രേയറിന് തകരാറൊന്നുമില്ലെന്ന് ഉറപ്പുവരുത്തണം. അനുയോജ്യമായ നോസിൽ ഉപയോഗിക്കണം. മണിക്കൂറിൽ എട്ടു കിലോമീറ്ററിന് മുകളിൽ വേഗത്തിൽ കാറ്റടിക്കുന്ന അവസരത്തിൽ കീടനാശിനി തളിക്കാൻ പാടില്ല. അതുപോലെ ചൂട് 30 ഡിഗ്രിയിൽ അധികരിക്കുന്ന അവസരങ്ങളിലും തളിക്കുന്നത് അഭികാമ്യമല്ല.
- ഓരോ കീടനാശിനികളും ഒരു ലിറ്റർ വെള്ളത്തിൽ എത്ര മില്ലിലിറ്റർ/ ഗ്രാം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇത് കൃത്യമായി പാലിക്കാത്തതാണ് മിക്കപ്പോഴും ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നത്. ഇത് കീടങ്ങൾ വളരെ പെട്ടെന്ന് പ്രതിരോധ ശേഷിയാർജിക്കുന്നതിനിടയാക്കുകയും ചെയ്യും.
- കീടനാശിനികൾ മുൻകൂട്ടി വാങ്ങി സൂക്ഷിക്കരുത്. ആവശ്യമുള്ള സാഹചര്യത്തിൽ ആവശ്യമുള്ള കീടനാശിനി ആവശ്യമുള്ള അളവിൽ മാത്രം വാങ്ങുക. കവറിന് പുറത്തുള്ള ലേബൽ വായിച്ച് വിവരങ്ങൾ മനസ്സിലാക്കി വേണം വാങ്ങാൻ.

**മുൻകൂട്ടി വാങ്ങി സൂക്ഷിക്കരുത്**

- കീട, കുമിൾ, കളനാശിനികൾ ഉപയോഗിക്കുമ്പോൾ ശുദ്ധമായ വെള്ളത്തിൽ കലക്കി തളിക്കണം.
- ഒരു കീടനാശിനി തളിച്ചുകഴിഞ്ഞ് വീണ്ടും കൃഷിയിടത്തിൽ പ്രവേശിക്കാൻ അനുവദനീയമായ ഒരു ഇടവേളയുണ്ട്. വിഷവീര്യം താരതമ്യേന കുറഞ്ഞ കീടനാശിനികൾക്ക് ഇത് 24 മണിക്കൂറും കൂടിയ വിഷവീര്യമുള്ളവയ്ക്ക് 48 മണിക്കൂറുമാണ്.
- ഉപയോഗശേഷം ഒഴിഞ്ഞ പാക്കറ്റുകൾ അലക്ഷ്യമായി വലിച്ചെറിയുന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. കീടനാശിനി പ്രയോഗം കഴിഞ്ഞ ഉടനെ ശുദ്ധജലത്തിൽ കുളിക്കണം. ഉപയോഗിച്ച വസ്ത്രങ്ങൾ സോപ്പിട്ട് കഴുകണം. സ്പ്രേയറും കഴുകി സൂക്ഷിക്കണം.

(മങ്കൊമ്പ് കീടനിരീക്ഷണകേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടറാണ് ലേഖിക)